**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 662** **23-02-2022 - ൽ മറുപടിയ്ക്ക്**

**കാസർഗോഡ് ജില്ലയിലെ സോളാർ നിലയങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | Shri. K. Krishnankutty<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് ജില്ലയിൽ വിവിധ പ്രദേശങ്ങളിലായി സോളാർ നിലയങ്ങളിലൂടെ എത്ര മെഗാവാട്ട് വൈദ്യുതിയാണ് ഉല്പാദിപ്പിക്കുന്നത്; പ്രസ്തുത നിലയങ്ങൾക്കായി എത്ര കോടി രൂപ ചെലവഴിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ? | (എ) | കാസർഗോഡ് ജില്ലയിൽ ആകെ 101 MW ന്റെ സോളാർ നിലയങ്ങളാണ് ജില്ലയിലെ സബ്സ്റ്റേഷനുകളുമായി ബന്ധിപ്പിച്ചിട്ടുള്ളത്. ടി നിലയങ്ങളും അവയുടെ ശേഷിയും താഴെ പറയുന്നു:- അമ്പലത്തറ സോളാർ പ്ലാന്റ് - 50 MW പൈവളിഗെ സോളാർ പ്ലാന്റ് - 50 MW ഭാരത് ചാരിറ്റബിൾ സൊസൈറ്റിയുടെ വെസ്റ്റ് എളേരി (സ്വകാര്യ മേഖല) പ്ലാന്റ് -1 MW. പ്രസ്തുത നിലയങ്ങളിൽ നിന്നുമുള്ള വൈദ്യുതി ഗ്രിഡിലേക്ക് എത്തിക്കുന്ന പ്രവൃത്തികൾക്കായി കെ.എസ്.ഇ.ബി.എൽ-ന് ഏകദേശം 50 കോടി രൂപ ചെലവായിട്ടുണ്ട്. അമ്പലത്തറ, പൈവളിഗെ എന്നിവിടങ്ങളിലെ സോളാർ പ്ലാന്റുകൾ സ്ഥാപിച്ചിട്ടുള്ളത് യഥാക്രമം IREDA യും THDCIL ഉം ആണ്. ഇതിനാൽ സോളാർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് ചെലവായ തുക ലഭ്യമല്ല. വെസ്റ്റ് എളേരിയിലുള്ള 1 MW സ്വകാര്യ മേഖലയിൽ സ്ഥാപിച്ചിട്ടുള്ളതിനാൽ ടി പ്ലാന്റിന്റെ ചെലവ് സംബന്ധിച്ചുള്ള വിവരങ്ങളും ലഭ്യമല്ല. കാസർഗോഡ് ജില്ലയിൽ കെ.എസ്.ഇ.ബി.എൽ-ന്റെ സ്വന്തം ചെലവിൽ മഞ്ചേശ്വരം സബ്സ്റ്റേഷനിൽ 0.5 മെഗാവാട്ട് (500 Kw), മൈലാട്ടി സബ്സ്റ്റേഷനിൽ 0.03 മെഗാവാട്ട് (30 Kw) അങ്ങനെ മൊത്തം 0.53 ശേഷിയുള്ള സോളാർ നിലയങ്ങളാണ് സ്ഥാപിച്ചിരിക്കുന്നത്. പ്രസ്തുത നിലയങ്ങളിലൂടെ ദിവസേന ശരാശരി 2100 യൂണിറ്റ് വൈദ്യുതിയാണ് ഉൽപാദിപ്പിക്കുന്നത്. ടി നിലയങ്ങൾക്കായി കെ.എസ്.ഇ.ബി.എൽ. 2.83 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. കാസർഗോഡ് ജില്ലാ പഞ്ചായത്തിന്റെ ഫണ്ടുപയോഗിച്ച് 5 കെട്ടിടങ്ങളിലായി 0.335 മെഗാവാട്ട് (335 Kw) ശേഷിയുള്ള സോളാർ നിലയങ്ങളാണ് സ്ഥാപിച്ചിരിക്കുന്നത്. പ്രസ്തുത നിലയങ്ങളിലൂടെ ദിവസേന ശരാശരി 1300 യൂണിറ്റ് വൈദ്യുതിയാണ് |

| | | | |
|---|---|---|---|
| | | | ഉൽപാദിപ്പിക്കുന്നത്. ടി പദ്ധതിക്കായി 2.233 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. കാസർഗോഡ് ജില്ലയിൽ സൗര ഫേസ്-I പദ്ധതിയിൽ 34 പുരപ്പുറ സൗരോർജ്ജ നിലയങ്ങളുടെ പണി പൂർത്തിയായി കമ്മീഷൻ ചെയ്തു (247 Kw). ഗാർഹിക ഉപഭോക്താക്കൾക്കുള്ള സബ്സിഡി സ്കീമിൽ (ഫേസ്-II) 11 പുരപ്പുറ സൗരോർജ്ജനിലയങ്ങൾ കമ്മീഷൻ ചെയ്തിട്ടുണ്ട് (46.5 Kw). പ്രസ്തുത സൗരനിലയങ്ങൾക്കായി ഏകദേശം 1,31,85,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. കാസർഗോഡ് ജില്ലയിൽ 73 പൊതുസ്ഥാപനങ്ങളിലായി 0.379 മെഗാവാട്ട് ശേഷിയുള്ള സോളാർ നിലയങ്ങൾ അനെർട്ട് മുഖേന സ്ഥാപിച്ചിട്ടുണ്ട്. ഇതിനായി 2,15,58,074/- രൂപ ചെലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ